# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4723 14.11.2019 ൽ മറുപടിക്ക്**

## ആലപ്പുഴ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആലപ്പുഴ ബൈപ്പാസ് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ; | എ) രണ്ട് റയിൽവേ മേൽപ്പാലങ്ങൾ ഉൾപ്പെട്ട 3.2 കി.മീ എലിവേറ്റഡ് ഹൈവേയോട്ടു കൂടിയ 6.80 കി.മീ ദൈർഘ്യമുള്ള ആലപ്പുഴ ബൈപ്പാസിന്റെ റെയിൽവേ മേൽപ്പാലങ്ങളുടെയും അതിനു അനുബന്ധമായുള്ളതുമായ പണികൾ ഒഴിച്ചുള്ള എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് മാറ്റുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | ബി) റയിൽവേ മേൽപ്പാലത്തിന്റെ സബ്സ്ട്രക്ചർ പൂർത്തീകരിച്ചു. സൂപ്പർ സ്ട്രക്ചറിന്റെ ഗർഡറുകൾ റെയിൽവെ അംഗീകരിച്ച ഫാബ്രിക്കേറ്റേഴ്സിനെ കൊണ്ട് (ഹൈദരാബാദിലും നോയിഡയിലും) ഫാബ്രിക്കേറ്റ് ചെയ്ത് സൈറ്റിൽ കൊണ്ടു വന്നിട്ടുണ്ടെങ്കിലും ഗർഡർ സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന ഡിഫ്ലക്ഷനെ പ്രതിരോധിക്കാൻ മുൻകൂറായി നൽകേണ്ട പ്രീകേമ്പറിന്റെ അളവിനെക്കുറിച്ച് റയിൽവേ വ്യക്തമായ അറിയിപ്പ് നൽകുവാൻ വൈകിയതു കാരണമാണ് പ്രവൃത്തികൾ വൈകിയത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെയും പ്രത്യേകിച്ച് ബഹു.മന്ത്രി ജി.സുധാകരന്റെയും നിരന്തരമായ നടപടികൾ പ്രകാരം 01.11.2019 നു റയിൽവേയിൽ നിന്നും വ്യക്തമായ അളവുകൾ ലഭിച്ചതനുസരിച്ച് തുടർനടപടിയെടുത്തു വരുന്നു. |

| | | | |
|---|---|---|---|
| സി) | ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ സംസ്ഥാന സർക്കാർ ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്; വിശദമാക്കാമോ; | സി) | സംസ്ഥാന സർക്കാർ ചെയ്തു തീർക്കേണ്ട നടപടികൾ ഒന്നും ശേഷിക്കുന്നില്ല. |
| ഡി) | ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ കേന്ദ്രസർക്കാർ ഇനി എന്തൊക്കെ സഹായങ്ങൾ നൽകാനുണ്ട്; വ്യക്തമാക്കാമോ? | ഡി) | സാധാരണ പദ്ധതി പൂർത്തീകരണ വേളയിൽ ആവശ്യമായ ചെയിഞ്ച് ഓഫ് സ്കോപ്പിനുള്ള അംഗീകാരം കേന്ദ്രറോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും, ഗർഡറുകൾ അംഗീകരിച്ച് തുടർ പണികൾക്ക് വേണ്ടി ട്രെയിൻ ബ്ലോക്കിന് അനുമതി റെയിൽവേ മന്ത്രാലയവും നൽകേണ്ടതുണ്ട്. സംസ്ഥാന പൊതുമരാമത്ത് മന്ത്രിയുടെ ഇടപെടലിനു ശേഷം ഗർഡറുകളിലെ നിലവിലുള്ള ബോൾട്ടുകൾ അഴിച്ചുമാറ്റി റയിൽവേ അംഗീകൃത ദൽഹി / ഹൈദരാബാദ് വർക്ക് ഷോപ്പുകളിൽ നിർമ്മിക്കുന്ന പുതിയ ബോൾട്ടുകൾ കൊണ്ടുവന്നു refit ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥിതിഗതികൾ റയിൽവേ ഇന്നത്തെ നിലയിൽ സഹായിച്ചാൽ 3 മാസത്തിനുള്ളിൽ ബൈപ്പാസ് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും കരുതുന്നു. |

സെക്ഷൻ ഓഫീസർ